File No.DRF-C1/38/2020-REV

4184
29/2/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അധിക ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ.(സാധാ) നം.715/2020/റവ. തീയതി,തിരുവനന്തപുരം, 19/02/2020

പരാമർശം:- 1. സ.ഉ. (സാധാ) നം. 5088/2018/റവ., തീയതി, 08.12.2018.

2. സ.ഉ. (സാധാ) നം. 134/2019/റവ., തീയതി, 14.01.2019.

3. സ.ഉ. (സാധാ) നം. 2020/2019/റവ., തീയതി, 25.07.2019.

4. സ.ഉ. (സാധാ) നം. 2061/2019/റവ., തീയതി, 27.07.2019.

5. സ.ഉ. (സാധാ) നം. 3664/2019/റവ., തീയതി, 06.12.2019.

6. ആലപ്പുഴ ജില്ലാ കളക്ടറുടെ 30.12.2019, 22.01.2020 എന്നീ തീയതികളിലെ എൻ1- 28248/2018 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം 253.10 കോടി രൂപയായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 126,55,00,000/- രൂപയും പരാമർശം ( 2 ) പ്രകാരം 125,45,92,800/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനുശേഷം ലഭിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിനായി പരാമർശം ( 3 ) പ്രകാരം 100,00,00,000/- രൂപയും പരാമർശം ( 4 ) പ്രകാരം 83,00,00,000/- രൂപയും പരാമർശം ( 5 ) പ്രകാരം 13,22,74,350/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കുട്ടനാട്, ചേർത്തല, കാർത്തികപ്പള്ളി തഹസിൽദാർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുമ്പ് അനുവദിച്ച ധനസഹായത്തിനു പുറമേ കുട്ടനാട് താലൂക്കിൽ 20,15,38,900/- രൂപയും കുട്ടനാട് താലൂക്കിലെ റീബിൽഡിംഗ് ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യേണ്ട അടിയന്തിര സാഹചര്യം ഉണ്ടായിരുന്നതിനാൽ ഉജ്ജീവന പദ്ധതിപ്രകാരം അനുവദിച്ച തുകയിൽ നിന്നും റീബിൽഡിന് വകമാറ്റി ചെലവഴിച്ച 6,39,850/- രൂപ അക്കൗണ്ടിൽ നിലനിർത്തേണ്ടതിനാൽ ടി തുകയും ചേർത്ത് 20,21,78,750/- രൂപയും (20,15,38,900/- + 6,39,850/-) ചേർത്തല താലൂക്കിൽ 4,39,98,400/- രൂപയും കാർത്തികപ്പള്ളി 2,42,39,550/- രൂപയും ഉൾപ്പെടെ ആകെ 27,04,16,700/- രൂപ (ഇരുപത്തേഴ് കോടി നാല് ലക്ഷത്തി പതിനാറായിരത്തി എഴുനൂറ് രൂപ മാത്രം) കൂടി ജില്ലയിൽ വിതരണത്തിനാവശ്യമുള്ളതാണെന്നും ആയത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ

നിന്നും അടിയന്തിരമായി അനുവദിക്കണമെന്നും ആലപ്പുഴ ജില്ലാകളക്ടർ പരാമർശം ( 6 ) പ്രകാരം അഭ്യർത്ഥിച്ചു.

3 . കുട്ടനാട്, ചേർത്തല, കാർത്തികപ്പള്ളി താലൂക്കുകൾക്ക് അനുവദിക്കേണ്ട തുക സംബന്ധിച്ച വിവരങ്ങൾ ആലപ്പുഴ ജില്ലാകളക്ടർ താഴെപ്പറയും പ്രകാരം ലഭ്യമാക്കുകയുണ്ടായി.

**<u>കുട്ടനാട്</u>**

| ഘട്ടം | എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|
| റീബിൽഡ് ആപ്പ് - IInd ഗഡു | 35 | 152450 | 5335750/- |
| റീബിൽഡ് ആപ്പ് - IIIrd ഗഡു | 41 | 152450 | 6250450/- |
| ഘട്ടം I - IInd ഗഡു | 625 | 152450 | 95281250/- |
| ഘട്ടം I - IInd – IIIrd ഗഡു | 621 | 152450 | 94671450/- |
| ഉജ്ജീവന വായ്പ പദ്ധതിയിൽ നിന്നും റീ ബിൽഡിന് വകമാറ്റി ചെലവഴിച്ചത് | | | 6,39,850/- |
| | | ആകെ | 20,21,78,750/- |

**<u>ചേർത്തല</u>**

| നഷ്ട ശതമാനം | ഫേസ് 1 | ഫേസ് 3 | എണ്ണം | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം | ആവശ്യമായ ഫണ്ട് |
|---|---|---|---|---|---|
| 15.00% | 18 | 97 | 15 | 4800 | 552000 |
| 16-29% | 44 | 73 | 117 | 31500 | 3685500 |
| 30-59% | 4 | 22 | 26 | 77500 | 2015000 |
| 60-74% | 6 | 1 | 7 | 179000 | 1253000 |
| | | | | ആകെ | 7505500 |

| | Rebuild App | ഫേസ്1 | ഫേസ് 2 | ഫേസ് 3 | എണ്ണം | CMDRF amount | ആവശ്യമായ ഫണ്ട് |
|---|---|---|---|---|---|---|---|
| 75-100% 2nd and 3rd installment | 4 | 33 | 66 | 152 | 25 | 152450 | 38874750 |

**<u>കാർത്തികപ്പള്ളി</u>**

| | | | | |
|---|---|---|---|---|
| Rebuild App | 75-100% 2nd and 3rd installment | 56 | 152450 | 8537200/- |
| Rebuild Appeal | 75-100% 2nd and 3rd installment | 103 | 152450 | 15702350/- |
| Total | | | | 24239550/- |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1), (2), (3), (4) (5) ഉത്തരവുകൾ പ്രകാരം അനുവദിച്ച ധനസഹായത്തിനു പുറമേ കുട്ടനാട് താലൂക്കിൽ 20,21,78,750/- രൂപയും, ചേർത്തല താലൂക്കിൽ 4,39,98,400/-രൂപയും കാർത്തികപ്പള്ളി താലൂക്കിൽ 2,42,39,550/- രൂപയും ഉൾപ്പെടെ ആകെ 27,04,16,700/- രൂപ (ഇരുപത്തേഴ് കോടി നാല് ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ് രൂപ മാത്രം) കൂടി

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. വിതരണത്തിനാവശ്യമായി വരുന്ന 27,04,16,700/- രൂപ (ഇരുപത്തേഴ് കോടി നാല ലക്ഷത്തി പതിനാറായിരത്തി എഴുനൂറ് രൂപ മാത്രം) *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,

വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

File No.DRF-C1/38/2020-REV

web

റവന്യൂ (ദുരന്ത നിവാരണ വകുപ്പ്/ഡി.ആർ.എഫ് എ/ഡി.ആർ.എഫ് ബി വകുപ്പുകൾക്ക്)

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

Bindumol K N

സെക്ഷൻ ഓഫീസർ